# ജാമക്കാരൻ
# JAMAKKARAN

VOLUME - 6 Reg NO.TNBIL/2016/70171 ISSUE - 11
NOVEMBER - 2022 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

ജാമക്കാരൻ JAMAKKARAN



കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിൻ നാമത്തിൽ സ്നേഹവന്ദനം. നിങ്ങൾ അയച്ച എല്ലാ വഴിപാടുകളും തെറ്റാതെ എന്റെ ബാങ്കിൽ വന്നുചേർന്നു. മണിയോഡർ, ചെക്ക് എന്നിവയിലൂടെ അയച്ച കാണിക്കകളും കിട്ടി. ഈ വേലയിൽ പങ്കു ചേർന്ന എല്ലാപേരെയും ദൈവം അനുഗ്രഹിക്കട്ടെ. എം.ഒ., ചെക്ക് മുതലായി അയച്ച കാണിക്കകളുടെ രസീതു അയച്ചു. ബാങ്കിൽ അയച്ച വഴിപാടുകൾക്ക് രസീതു അയച്ചില്ല. അയച്ചവരുടെ പേര് അറിഞ്ഞാൽ മാത്രമേ രസീത് അയയ്ക്കാൻ സാധിക്കൂ.

കൊറോണ ലോക്കഡൗൺ കഴിഞ്ഞ് രണ്ടര വർഷത്തിനുശേഷം വരുന്ന വൈറസിനെക്കുറിച്ച് ചിന്തിക്കാതെ, എന്റെ 82 വയസ്സിനെക്കുറിച്ചും ചിന്തിക്കാതെ, ദൈവവേല ആരംഭിച്ചു. കഴിഞ്ഞ

രണ്ടു മാസങ്ങളായി എല്ലാ യോഗങ്ങളെയും കർത്താവനുഗ്രഹിച്ചു. അതോടൊപ്പം ആദിവാസികളുടെ ഇടയിൽ ദൈവവേലയും ധൈര്യമായി തുടങ്ങി. എന്നോടു ഡോ. മുരളീധർ എം.ഡി.അവർകളും ചേർന്നു നിലമ്പൂർ കാടുകളിൽ പോയി വന്ന വിവരം ഈ മാസത്തിൽ ഇതേ മാസികയിൽ നിങ്ങൾക്ക് വായിച്ചറിയാം. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

2022 ആഗസ്റ്റ് മാസ കലണ്ടറിൽ 1, 2 തീയതികൾ **All Souls day** എന്നും **All Saints day** എന്നും കുറിച്ചിരിക്കുന്നു. പാരമ്പര്യ ക്രിസ്ത്യാനികൾ മരിച്ചവർക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ചെയ്തതായി ഞാനറിഞ്ഞു. ഇതു കത്തോലിക്കാ പാരമ്പര്യത്തിൽ നിന്നു വന്ന തെറ്റായ ഉപദേശമാണ്. അവർ മരിച്ചുപോയ, മറിയയെ ജീവനോടു സ്വർക്ഷാരോഹണം ചെയ്തതു പലർ കണ്ടതായി സാക്ഷി റെക്കോർഡ് ചെയ്തിട്ടുണ്ട്. അതു കൊണ്ട് യേശു ഉയിർത്തെഴുന്നേറ്റതുപോലെ മറിയയും ഉയിർത്തെഴുന്നേറ്റു അത്ഭുതങ്ങളെ ചെയ്യുന്നു, സൗഖ്യമാക്കുന്നു എന്നുള്ള തെറ്റായ സങ്കൽപ്പകഥകളെ പറഞ്ഞ് ജനങ്ങളെ വിശ്വസിപ്പിക്കുന്നു. അതുപോലെ ആന്റണി, പത്രോസ് ഇങ്ങനെ പല വിശുദ്ധന്മാർ അത്ഭുതങ്ങളെ ചെയ്യുന്നതായി കള്ള സാക്ഷികളെ ഉണ്ടാക്കി ജനങ്ങളെ ആകർഷിക്കുന്നു. അത് മെയിൻ ലൈൻ ചർച്ച് ആയ സി.എസ്.ഐ. മാർത്തോമ്മ ലൂഥറൻ ചർച്ചുകളിലെ വിശ്വാസികളും വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് അവസാന കാലത്തിലെ കള്ള ഉപദേശമാകുന്നു. ഇത് ഗ്രീക്കിൽ നിന്നും ബാബിലോണിൽ നിന്നും ലോകം മുഴുവൻ പടർന്ന കള്ള ഉപദേശമാകുന്നു. നിനവേ പട്ടണത്തിലെ ജനങ്ങൾ, യോന, ദൈവത്തിന്റെ ദേഷ്യത്തെക്കുറിച്ച് അറിയിച്ച ഉടനെ എങ്ങനെ അവരെക്കൊണ്ടു വിശ്വസിക്കാൻ സാധിച്ചു? ആളുകൾ യോന അറിയിച്ച ഉടനെ പെട്ടെന്ന് എങ്ങനെ മാനസാന്തരപ്പെടുവാൻ സാധിക്കും. കാരണം തെറ്റിദ്ധാരണ. യോന ഒരു വലിയ മീൻകരയിൽ വന്ന് വായ്തുറന്ന ഉടനെ പുറത്തുവന്നു. അന്നത്തെക്കാലത്തിൽ നിനവേ ബാബിലോണ്യ ജാതികൾ മറ്റു ജാതികൾ പെൺദൈവത്തെ ആരാധിക്കുന്നവരാണ്. അവരുടെ ദൈവം പാതി മീനും പാതി ദൈവവുമായി

കാണപ്പെടും. യോനാ മീനിന്റെ വായിൽ നിന്ന് ഒരപകടവും ഉണ്ടാകാതെ പുറത്തുവന്നപ്പോൾ നമ്മുടെ ദൈവം പറയുന്നു നാം ഉടൻ തന്നെ അനുസരിക്കണം എന്നു തങ്ങളുടെ പാപത്തെ മനസ്താപപ്പെട്ടു ഇനി ആ പാപത്തെ ഞാൻ ചെയ്യുന്നില്ല എന്ന് തീരുമാനമെടുത്തു. ഉപവസിച്ചു. ഇതുപോലെ ഇവരും അന്ധഭക്തി ഉള്ളവരായി യഥാർത്ഥ ദൈവത്തെ വിട്ട് മരിച്ചുപോയ മറിയയെ പെൺദൈവമാക്കി ഇന്നും വണങ്ങിക്കൊണ്ടിരിക്കുന്നു. മറിയയോടു പ്രാർത്ഥിക്കാൻ റോസറിമാലയും കയ്യിൽ പിടിച്ചുകൊണ്ടിരിക്കുന്നു. ഇതു ദൈവകോപത്തെ വർദ്ധിപ്പിക്കും.

ഒരു മനുഷ്യൻ മരിച്ചാൽ എന്തു സംഭവിക്കും? സഭാപ്രസംഗി 12:7 ആത്മാവും പ്രാണനും ദൈവത്തിന്റെ അടുക്കൽ ചെന്നുചേരും. അവൻ മാനസാന്തരപ്പെട്ടവനായിരുന്നാൽ പറുദീസയ്ക്കും പാപിയായിരുന്നാൽ പാതാളത്തിനു പോകും. ഇതിന് തെളിവിനായി യേശുക്രിസ്തു ധനവാൻ ലാസർ ഉപമ പറഞ്ഞു. പറുദീസയും പാതാളവും സ്വർക്ഷവും നരകവും അല്ല. ന്യായവിധി കഴിയുന്നതുവരെ പറുദീസയിലും പാതാളത്തിലും മരിച്ചവരുടെ ആത്മാക്കൾ ഉണ്ടായിരിക്കും. ഇങ്ങനെ ബൈബിൾ പഠിപ്പിക്കുന്നു. അതിനുശേഷം എന്തു സംഭവിക്കും പിശാചിനെ കർത്താവ് ചങ്ങലയിൽ കെട്ടി പുറത്തുവരാതെ അടക്കും. അതിനുശേഷം ഈ ഭൂമിയിൽ ആയിരം വർഷം ഭരണം ഉണ്ടാകും. അതിൽ യേശു രാജാവായി ഭരിക്കും ആ ഭരണത്തിൽ പിശാചിന്റെ ശല്യം ഉണ്ടാകാതിരിക്കാൻ പിശാചിനെ അടച്ചിടും. അതു കഴിഞ്ഞ ഉടനെ ഭൂമി അഗ്നിക്ക് ഇരയാകും. ആകാശങ്ങൾ, വാനങ്ങൾ പേപ്പർപോലെ ചുരുങ്ങും. അതിനുശേഷം പുതിയ ആകാശവും പുതിയ ഭൂമിയും കർത്താവുണ്ടാക്കും. മരിച്ചു പറുദീസയിൽ പോയവർ ആയിരം വർഷ ഭരണത്തിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും കാണപ്പെടും. അതു കഴിഞ്ഞ് രക്ഷിക്കപ്പെട്ടവർ എല്ലാം സ്വർക്ഷത്തിലേക്ക് എടുക്കപ്പെടും. ഈ മൂന്നു സ്ഥലം കഴിഞ്ഞ ശേഷം സ്വർക്ഷത്തിലേക്ക് എല്ലാപേരെയും കൂട്ടിചേർക്കും. ആ ദിവസം എത്ര മനോഹരമായിരിക്കും. ഇതാണ് വേദപുസ്തകം നമ്മെ

പഠിപ്പിക്കുന്നത്. നേരത്തെ പറഞ്ഞ മൂന്നു സ്ഥലങ്ങളും തമ്മിൽ തമ്മിൽ അടയാളങ്ങളാൽ കണ്ടുപിടിക്കുവാൻ സാധിക്കും. പക്ഷേ അവിടെ ആരും തമ്മിൽ തമ്മിൽ തിരിച്ചറിയുവാൻ സാധിക്കയില്ല. എല്ലാപേരും ദൈവദൂതന്മാരെപ്പോൽ ഇരിക്കും. ദൈവദൂതന്മാർ ആണും പെണ്ണുമല്ല യേശു ഈ വിവരത്തെ പറയുന്നു. പൗലോസ് അപ്പോസ്തലനും ഈ കാര്യത്തെ വ്യക്തമായി പറയുന്നു. എപ്പോഴും ദൈവത്തെ സന്തോഷമായി സ്തുതിച്ചുകൊണ്ടിരിക്കുന്ന ആ കാലത്തെക്കുറിച്ച് ഡോ. പുഷ്പരാജായ ഞാനും ആകാഷയോടെ കാത്തിരിക്കുന്നു. കൊച്ചുകുഞ്ഞുങ്ങൾക്ക് വി.ബി.എസിൽ ഒരുപാട്ട് പറഞ്ഞുകൊടുക്കും.

എപ്പോൾ കാണും ഞാൻ
എപ്പോൾ ചേരും ഞാൻ
മോക്ഷവിട്ടെയെ
മോക്ഷനാട്ടയെ
ലോകവിഷമം അവിടെ ഇല്ല
എന്നും ആനന്ദമേ
എപ്പോൾ കാണും ഞാൻ
എപ്പോൾ ചേരും ഞാൻ
എൻ യേശുനാഥൻ അവിടെകാണും
എപ്പോഴും സന്തോഷം
എപ്പോൾ കാണും ഞാൻ
എപ്പോൾ ചേരും ഞാൻ

ഈ പാട്ട് ചെറിയ പ്രായത്തിൽ ഉള്ള കുട്ടികൾക്ക് അന്നത്തെക്കാലത്ത് ഞാൻ പഠിപ്പിച്ചുകൊടുത്തു. ലോകപ്രശ്നങ്ങൾ വിട്ട് ലോകവിഷമങ്ങൾ വിട്ട് ചുമന്നുകൊണ്ടിരിക്കുന്ന രോഗങ്ങൾ വിട്ട് ആ സന്തോഷ ഭവനത്തിൽ ചേരുന്ന

ദിവസമാണ് ഭാഗ്യദിവസം. മരിച്ച ആത്മാക്കൾ ഒരിക്കലും ലോകത്തിൽ മടങ്ങിവരുന്നില്ല. മരിച്ച ആത്മാക്കളെ കാണാനും സാധിക്കുന്നില്ല. പക്ഷെ മരിച്ച ആത്മാക്കളുടെ പേരിൽ പിശാചുക്കൾ കാണപ്പെടും. അവൻ വെളിച്ചഭൂതന്റെ വേഷത്തെ ധരിക്കും എന്ന് വേദപുസ്തകം പറയുന്നു. അതുകൊണ്ട് ഇതു വായിക്കുന്നവർ ദയവായി മറിയ പ്രാർത്ഥന ചെയ്യരുത്. അതു പിശാചിനെ ആരാധിക്കുന്നതുപോലെയാണ്. ആവ. 18:10 മരിച്ചുപോയ ആത്മാക്കളോട് സംസാരിക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കും. അന്നത്തെക്കാലത്ത് ജനങ്ങൾ യിസ്രായേല്യർ ഉൾപ്പടെ മരിച്ചുപോയ ആത്മാക്കളെ വിശ്വസിച്ചു പക്ഷെ അതു പിശാചിന്റെ ആത്മാക്കൾ എന്നു വിശ്വസിച്ചില്ല. അതുകൊണ്ടു ദൈവം ദേഷ്യത്തോടെ പറയുന്നു മരിച്ചുപോയ മറിയ, ആന്റണി ഇവരോടെല്ലാം പ്രാർത്ഥിക്കുന്നവർ ശപിക്കപ്പെട്ടവരാകുന്നു. മലയാള ചാനലിൽ നാലു ചാനലുകൾ മരിച്ചുപോയ മറിയയോട് പ്രാർത്ഥിക്കുന്ന ചാനൽ ആണ്. പാട്ടും പ്രസംഗവുമെല്ലാം പെന്തക്കോസ്തുകാരെപ്പോലെ ഇരിക്കും. അവസാനം വിശുദ്ധമറിയാളെ എന്നെ അനുഗ്രഹിക്കേണമേ അമ്മേ എന്നെ സഹായിക്കേണമേ എന്നു പറയുന്നത് നാം കണ്ടിരിക്കും. ബൈബിൾ കോളേജിൽ പഠിച്ച ജാക്കോബൈറ്റ്, ഓർത്തഡോക്സ്, കത്തോലിക്കാ അച്ചന്മാരെല്ലാം ജനങ്ങളെ മരിച്ചവരോട് പ്രാർത്ഥിക്കാൻ വഞ്ചിച്ചുകൊണ്ടുപോകുന്നു. വഞ്ചിക്കപ്പെടരുത് യേശുക്രിസ്തു മാത്രമാണ് ജീവനോടുള്ള ദൈവം. മരിച്ചു ഇതാ സഭാകാലങ്ങളിലും ജീവനോടിരിക്കുന്നു എന്നു പറഞ്ഞു. **ഞാനേ വഴി, ഞാനേ സത്യം, ഞാനേ ജീവൻ, ഞാനേ വാതിൽ** ഈ വഴിയായി ചൊല്ലുന്നവനല്ലാതെ ഒരുത്തനും സ്വർക്ഷത്തിൽ എത്തുന്നില്ല എന്ന് യേശുക്രിസ്തു വ്യക്തമായി പറഞ്ഞു.

കാനാവിൽ കല്യാണത്തിന് വീഞ്ഞ് കുറഞ്ഞു. വീട്ടുടമസ്ഥൻ മറിയയെ കൂട്ടിക്കൊണ്ടു യേശുവിന്റെ അടുക്കൽ ശുപാർശയ്ക്ക് വന്നു. മറിയ പറയുന്നു മോനെ നിന്റെ സ്നേഹിതനല്ലേ. അന്നത്തെക്കാലത്തിൽ അവസാന പന്തിയിൽ വീഞ്ഞില്ലാതെ പോയാൽ അപമാനമാണ്. അതുകൊണ്ട് ഭയങ്കര വിഷമത്തിൽ

ശുപാർശ ചെയ്യുന്നു. കത്തോലിക്കാ ബൈബിളിലും എല്ലാ ബൈബിളിലും സൂചിപ്പിക്കുന്ന ഒരു വാക്ക് അമ്മേ എനിക്കും നിനക്കും തമ്മിൽ എന്താ? എന്നല്ല പറഞ്ഞത്. 10 മാസം ചുമന്ന അവളെ മറിയേ എന്നുവിളിക്കുന്നു. എനിക്കും നിനക്കും തമ്മിൽ എന്ത് എന്ന് ചോദിക്കുന്നു. എന്റെ സ്നേഹിതന്റെ വീട്ടിൽ എന്തു സംഭവിക്കുന്നു എന്ന് അറിയുന്നില്ല. പക്ഷെ അവന്റെ ജ്ഞാനദൃഷ്ടിയിൽ വീഞ്ഞ് തീർന്നില്ല ഇനിയും വിളമ്പിക്കൊണ്ടിരിക്കുന്നു അതു തീർന്നു എന്ന് അറിഞ്ഞ ഉടനേ വെള്ളം കോരിവെയ്ക്കുന്ന പാത്രങ്ങളിൽ വെള്ളം കോരി വെയ്ക്കാൻ പറയുന്നു. താമസിയാതെ എല്ലാപേർക്കും വിളമ്പിക്കൊള്ളൂ എന്നു പറയുന്നു. ദൈവപുത്രൻ വെള്ളം കൂടുതൽ രുചിയുള്ള വീഞ്ഞാക്കി. ഇത് ഇപ്പോൾ ഞാൻ പറയാൻ കാരണം മറിയയുടെ ശുപാർശ എനിക്കുവേണ്ട ആർക്കുവേണ്ടിയും മറിയ ശുപാർശ ചെയ്യാൻ ആവശ്യമില്ല. പിതാവിനും മനുഷ്യനും മദ്ധ്യസ്ഥൻ ഒരുത്തൻ (Mediator) മാത്രം അവൻ യേശുക്രിസ്തു തന്നെ (തിമത്തി. 2:5). യേശുക്രിസ്തു നമുക്ക് മദ്ധ്യസ്ഥനായിരിക്കുമ്പോൾ മരിച്ചവരായ മറിയ ആന്റണി ഇവരുടെ സഹായം നമുക്ക് ആവശ്യമില്ല. യേശു മരിച്ചു ഉയിർത്തെഴുന്നേറ്റു ശിഷ്യന്മാർക്ക് വെളിപ്പെടുത്തി. അതോടൊപ്പം 500 പേർക്ക് ജീവിക്കുന്നവനായി വെളിപ്പെടുത്തി. സ്വർക്ഷാരോഹണം ചെയ്യുമ്പോൾ എല്ലാവരുടെ കണ്ണുകളും കർത്താവിനെ കണ്ടു ശിഷ്യന്മാർ സാക്ഷി, ദൂതന്മാർ സാക്ഷി. അവർ പറഞ്ഞു എന്തിനാ ഇങ്ങനെ നോക്കി നിൽക്കുന്നു അവൻ പോയതുപോലെ വീണ്ടു വരും. മറിയ ഉയിർത്തതിനു സാക്ഷി ആരോ ഒരാൾ ഉണ്ടെന്നു പറഞ്ഞു പ്രസിദ്ധപ്പെടുത്തുന്നു. പണത്തിനുവേണ്ടി. യേശുക്രിസ്തുവിനെക്കാൾ മറിയ ജീവിക്കുന്നു, അത്ഭുതം ചെയ്യുന്നു, സൗഖ്യമാക്കുന്നു എന്നുള്ള സാക്ഷി ഇന്ത്യയിൽ തീ പോലെ പടർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ കാര്യം വായനക്കാർക്ക് ഞാൻ വീണ്ടും വീണ്ടും എഴുതുന്നു.

തമിഴ്നാട്ടിൽ മാതാ ടി.വി. എന്ന ഒരു പ്രത്യേക ചാനൽ വളരെ വേഗമായി പുരോഗതിയിൽ എത്തിക്കൊണ്ടിരിക്കുന്നു. അതിനുകാരണം

മരിച്ചവരക്കുവേണ്ടി അച്ചനും ബിഷപ്പും പ്രത്യേകം പേരു പറഞ്ഞ് പ്രാർത്ഥിക്കുന്നു. എത്ര വർഷത്തിനു മുമ്പ് മരിച്ചിരുന്നാലും അവരുടെ പേരിൽ 500 രൂപ അയച്ചാൽ പ്രാർത്ഥിക്കും. എത്ര വലിയ വ്യഭിചാരക്കാരനായാലും മദ്യപാനി ആയാലും അവർക്ക് സ്വർക്ഷം കിട്ടും എന്ന് ജനങ്ങളെ വഞ്ചിക്കുന്നു.

മലയാള ചാനലുകളിൽ ഇനിയും 500 രൂപ വ്യാപാരം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന വ്യാപാരം തുടങ്ങിയിട്ടില്ല എന്ന് ഞാൻ വിചാരിക്കുന്നു.

ഈ കാര്യം എഴുതാൻ ഭാരപ്പെട്ടതു **All Souls day** എന്നും **All Saints day** എന്നു പല പള്ളികളിൽ പ്രത്യേക ആരാധന നടന്നു. പഠിച്ചവരും പഠിക്കാത്തവരും കൂട്ടംകൂട്ടമായി ആരാധനയിൽ പങ്കെടുത്തതു കണ്ടപ്പോൾ വിഷമം തോന്നി. പള്ളികളിൽ ഉള്ളിൽ സ്ഥലമില്ലാതെ പുറത്തു ജനങ്ങൾ കവിഞ്ഞു നിൽക്കുന്നതു കണ്ടതുകൊണ്ട് കൂടുതൽ വിഷമം തോന്നി. മരിച്ചുപോയ വിശുദ്ധന്മാരുടെ സാക്ഷിയുള്ള ജീവിതങ്ങളെ ഓർക്കുന്നതിൽ തെറ്റില്ല അവരുടെ നല്ല പ്രവൃത്തികളെ അനുകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് തെറ്റ്. പ്രാർത്ഥിച്ചാലും ദൈവം കേൾക്കുന്നില്ല. ഒരു വലിയ സന്തോഷം എന്തെന്നാൽ കത്തോലിക്കക്കാരുടെ ഇടയിലും യാക്കോബാ ഓർത്തഡോക്സ് സഭക്കാരുടെ ഇടയിലും ഒരു വലിയ ഉണർവ് ഉണ്ടായിട്ടുണ്ട്. ധാരാളം പേർ ഞങ്ങളുടെ പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുക്കുന്നു. നല്ല ബൈബിൾ അറിഞ്ഞുള്ള വിശ്വാസികളായി മാറിക്കൊണ്ടുവരുന്നു. തമിഴ്നാട്ടിൽ തൂത്തുക്കുടി എന്ന സ്ഥലത്ത് 1400 കത്തോലിക്കാ ക്രിസ്ത്യാനികൾ രാവിലെ അവരുടെ കത്തോലിക്കാ പള്ളിയിൽ പൂജയ്ക്കു ചെന്നിട്ട് ആത്മീകകൂട്ടായ്മയിൽ പങ്കെടുക്കുന്നു വചനകൂട്ടായ്മയിൽ പങ്കെടുക്കുന്നു. എത്ര വലിയ സന്തോഷം ഓരോ കത്തോലിക്കാ സഭയിലും ഇങ്ങനെ ഒരു ഉണർവ് ഉണ്ടാകട്ടെ. കർത്താവിന്റെ വരവു അടുത്തു അതിനായിട്ടു ഒരു ഒരുക്കം നിങ്ങളുടെ ഇടയിൽ ഉണ്ടാകട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

\- **ഡോ. പുഷ്പരാജ്**

# മനുഷ്യരെ.. കാണാത്ത ...മനുഷ്യർ


വെസ്റ്റേൺ ഘട്ട്-നിലമ്പൂർ മല ആദിവാസികളുടെ ഇടയിൽ ദൈവവേല ചെയ്തു മടങ്ങിവന്നു.

2022 നവംബർ മാസം കൊറോണ മരണക്കിടക്കയിൽ നിന്ന് ദൈവകൃപയാൽ ജീവനോടെ എണീറ്റു. രണ്ടരവർഷം കഴിഞ്ഞ ശേഷം ഞാൻ വീണ്ടും കൺവെൻഷന് പ്രസംഗിക്കാൻ തുടങ്ങി. ബാഗ്ലൂർ, മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ ചെന്ന് കൺവെൻഷനിൽ പ്രസംഗിച്ചശേഷം എനിക്ക് ഒരു പുതിയ ധൈര്യം ഉണ്ടായി. അതേ സമയം ട്രൈബൽമിഷൻ ജനറൽ സെക്രട്ടറിയും ആനക്കട്ടി മലയിൽ ട്രൈബൽമിഷൻ വകയായി ആരംഭിക്കപ്പെട്ട ബഥനി ആശുപത്രി മെഡി. സൂപ്രണ്ടായി പ്രവർത്തിക്കുന്ന ഡോ. മുരളീ ധരൻ എം.ഡി. (ഹൃദ്രോഗ സ്പെഷ്യലിസ്റ്റ്) അവർകളും അതേ കൊറോണ രോഗത്തിൽ അകപ്പെട്ടു എന്നെക്കാൾ കൂടുതൽ മാസങ്ങൾ കഷ്ടപ്പെട്ടു പല മാസങ്ങൾ രോഗക്കിടക്കയിൽ കിടക്കേണ്ടിവന്നു. ഒരുവിധം സൗഖ്യം പ്രാപിച്ചു ആശുപത്രിയിൽ തന്റെ വേല തുടങ്ങി. നിലമ്പൂർ വനത്തിലുള്ള

ആദിവാസികളുടെ ഇടയിൽ വലിയ മാറ്റം സംഭവിച്ചതായി എന്നോടറിയിച്ചു. ആദിവാസികളിൽ 17 പേർ ജ്ഞാനസ്നാനം സ്വീകരിച്ചതായി അറിഞ്ഞു. അവിടെ സഭ തുടങ്ങി അവിടെ നേരിട്ടുചെന്ന് അവിടത്തെ വിവരങ്ങളും ആവശ്യങ്ങളും അറിയാൻ നമുക്ക് പോയിട്ടുവരാം എന്ന് പദ്ധതിയിട്ട്, നിലമ്പൂർ വനത്തിലേക്ക് യാത്ര തുടങ്ങി. ചില വിശ്വാസികളോടും അടുത്തുള്ള എല്ലാ മിഷണറികളോടും കൂടെ വാഹനത്തിൽ യാത്ര ചെയ്തു. ഉരുണ്ട കല്ലുകൾ നിറഞ്ഞ റോഡായിരുന്നതുകൊണ്ട് ഞങ്ങളുടെ വാഹനം ചരിഞ്ഞും ചാഞ്ഞും പൊയ്ക്കൊണ്ടിരുന്നു. ഉച്ചയ്ക്ക് മുമ്പേ ഞങ്ങൾ അവിടെ എത്തി. നിലമ്പൂർ വനത്തിൽ ചോലനായ്ക്കന്മാർ, മലനായ്ക്കന്മാർ ഇവരുടെ ഇടയിൽ താമസിച്ച് സ്ഥിരമായി ദൈവവേല ചെയ്യുന്ന മിഷണറിമാർ നല്ല ഏർപ്പാടുകൾ ചെയ്തിരുന്നു.

1976–ാം വർഷത്തിൽ ഞാൻ അഞ്ചുപേരോടു ചേർന്ന് നിലമ്പൂർ വനത്തിൽ സുവിശേഷം അറിയിച്ചു. അടുത്തടുത്തുള്ള മൂന്നു വർഷങ്ങൾ തുടർന്നുപോയി ഒരു ആത്മാവുപോലും ഞങ്ങൾക്കു കിട്ടിയില്ല. മനസ്സിൽ വലിയ തളർച്ചയുണ്ടായി. നാട്ടിൽ വലിയ പ്രാസംഗികൻ, ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെട്ടത് കണ്ടവൻ. ഹൈന്ദവരുടെ ഇടയിൽ പ്രസംഗിച്ചു ധാരാളം പേർ യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു. അങ്ങനെ പ്രശസ്തിയുള്ള ഒരു പ്രാസംഗികനായ ഞാൻ മൂന്നു വർഷങ്ങൾ ഈ നിലമ്പൂർ വനത്തിൽ ചെന്നിട്ടും സുവിശേഷം അറിയിച്ചിട്ടും ഒരു ആത്മാവ് പോലും രക്ഷിക്കപ്പെട്ടില്ല എന്നു പറഞ്ഞാൽ എന്തൊരു കഷ്ടമാണ്. മനസ്സിൽ വലിയ പ്രയാസം തോന്നി. അതിന്റെ ശേഷം ട്രൈബൽ മിഷൻ വേറെ സ്ഥലങ്ങളിൽ നന്നായി വളർന്നു. ധാരാളം മിഷണറികളും അവർ മുഖാന്തിരം ധാരാളം സഭകളും പല സ്ഥലത്ത് ഉണ്ടായി. സഭാകെട്ടിടങ്ങൾ പണിതു. നൂറുകണക്കിന് ജനങ്ങൾ സ്നാനപ്പെട്ട് വലിയ ഉത്സാഹത്തോടുകൂടി ആരാധനയിൽ പങ്കെടുക്കുന്നു. പക്ഷെ നിലമ്പൂരിനെ ഓർക്കുമ്പോൾ മനസ്സിൽ വിഷമം ഉണ്ടായി. അപ്പോഴാണ് ഡോ. മുരളീധർ അവർകൾ വയനാട്ടിൽ മിഷനറി പ്രവർത്തനം ചെയ്ത പാസ്റ്റർ കെ.റ്റി. മനോജ്

അവർകളെ നിലമ്പൂർ വനത്തിൽ സ്ഥലം മാറ്റി. മിഷനറി ദൈവവേല ചെയ്യാൻ അപേക്ഷിച്ചു. അദ്ദേഹം ഇവിടെ വന്നശേഷം വലിയമാറ്റം ഉണ്ടായി. ചോലനായ്ക്കന്മാർ യേശുവിനെ സ്വീകരിച്ചു. 17 പേർ സ്നാനം ഏറ്റു. അവിടെ



ഒരു കൊച്ചു ആരാധനയും അവർ തുടങ്ങി. ഞാൻ ട്രൈബൽ മിഷൻ സ്ഥാപിച്ച് ഏകദേശം നാൽപതു വർഷം കഴിഞ്ഞ് ഈ മാറ്റങ്ങൾ സംഭവിച്ചു. അവരെയാണ് നേരിട്ട് സന്ദർശിക്കാൻ ഞങ്ങൾ പോയത്.

നവംബർ മാസം ആദ്യത്തെ ആഴ്ച പുറപ്പെട്ടു വാഹനത്തിൽ ചെന്ന് **അപ്പൻഗ്യാപ്പ്** എന്നുവിളിക്കപ്പെടുന്ന സ്ഥലത്ത് എത്തി ഞങ്ങൾ വിശ്രമിച്ചു. ഞങ്ങളുടെ മനസ്സിൽ ചോലനായ്ക്കന്മാരെ കാണാൻ ആകാംഷയോടെ കാത്തിരുന്നു. 1976–ാം വർഷം ഞാൻ ആദ്യപ്രാവശ്യം വാഹനത്തിൽ ചെന്നപ്പോൾ ശരീരത്തിൽ വസ്ത്രമില്ലാത്തവരായി അർദ്ധനഗ്നരായി വൃദ്ധന്മാരേയും സ്ത്രീകളേയും കുട്ടികളെയും കണ്ടു. അവർ താമസിച്ച മരത്തിന്റെ മുകളിലെ കുടിലിലും പാറയുടെ പിളർപ്പിലും കേറി അവരുടെ കൂടെ ഒരാഴ്ച താമസിച്ചു. ഇപ്പോൾ ആ മലയുടെ അപ്പുറത്തെ വശത്താണ് ഞങ്ങൾ എത്തിച്ചേർന്നത്. മുളങ്കാടുകൾ ഇടതൂർന്ന് വളർന്നു നിന്ന സ്ഥലത്ത് മുളകൾ മുറിച്ച് ചെറിയ പ്ലാറ്റ്ഫോം പോലെയുണ്ടാക്കി അവിടെ യോഗം നടത്തി.





40 വർഷത്തിനു മുമ്പ് 1977–ാം വർഷം രണ്ടാം പ്രാവശ്യം ആദിവാസികളുടെ ഇടയിൽ ചെന്നപ്പോൾ ധാരാളം വസ്ത്രങ്ങൾ ഞങ്ങൾ വിശ്വാസികളുടെ കൈയ്യിൽ നിന്നും ചോദിച്ചുവാങ്ങി അവരെ ധരിപ്പിച്ചു. കോട്ടും പാന്റും സാരിയും ധരിപ്പിച്ചാലും അവർ അതിഷ്ടപ്പെട്ടില്ല. എന്നാലും ഞങ്ങൾ പറഞ്ഞതുകൊണ്ട് അവർ സമ്മതിച്ചു. ഞങ്ങൾ തന്നെ അവരെ ഉടുപ്പിച്ചു. 1978–ാം വർഷം മൂന്നാം പ്രാവശ്യം അതേ നിലമ്പൂർ വനത്തിൽ അവരെ സന്ദർശിച്ചു. ചിലർ മാത്രം വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നത് ഞങ്ങൾ കണ്ടു. ഇപ്പോൾ ഇവിടെ കൂടി വന്ന ആദിവാസികളെ കണ്ടപ്പോൾ വലിയ അതിശയം തോന്നി. അവരുടെ ഇടയിൽ നല്ല പരിഷ്കാരം ഉണ്ടായി. ബാല്യക്കാരികൾ നൈറ്റികൾ ഉടുത്തിരുന്നു. എത്ര വലിയ വ്യത്യാസം. സ്നാനം എടുത്ത 17 പേരെയും കൂടെ വന്ന ആദിവാസികളെയും അവരുടെ പിന്നിൽ മിഷണറിമാരെയും ഇരുത്തി അവർക്ക് പരിചയപ്പെടുത്തി. ഞങ്ങൾ വന്ന ഉദ്ദേശത്തെ അവരോടു ഞങ്ങൾ പങ്കുവെച്ചു.



## ആദിവാസികളുടെ സാക്ഷികൾ

ഞങ്ങൾ, സ്നാനപ്പെട്ട ആദിവാസികളുടെ സാക്ഷി കേൾക്കാൻ

ആഗ്രഹിച്ചു. എങ്ങനെയാണ് യേശുവിനെ നിങ്ങൾ സ്വീകരിച്ചത് എന്ന് ചോദിച്ചു. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് സാക്ഷികൾ നല്ല വിധത്തിൽ പറഞ്ഞത്.

ഒരു സ്ത്രീ എണീറ്റു നിന്ന് എന്റെ ഭർത്താവ് പല വർഷങ്ങളായി മദ്യപാനത്തിനും കഞ്ചാവിനും അടിമ ആയിരുന്നു. പകലും രാത്രിയും കുടിക്കും. എപ്പോൾ നോക്കിയാലും വീട്ടിൽ വഴക്കും തല്ലും. രാത്രിയിൽ മക്കൾ ഭയപ്പെട്ട് അടുത്തുള്ള സ്ഥലങ്ങളിൽ പോയി താമസിക്കും. അവൻ ഭാര്യയെ തല്ലിയശേഷം തളർന്ന അവസ്ഥയിൽ കിടക്കും. ആരംഭത്തിൽ എനിക്ക് പ്രാർത്ഥിക്കാൻ അറിയില്ല. യേശു അപ്പച്ചാ എന്നു ഞാൻ വിളിക്കും. യേശു അപ്പച്ചാ എന്റെ ഭർത്താവിനെ മാറ്റിത്തരണം എന്ന് രാത്രി മുഴുവൻ കരയും. രാവിലെ ഉറങ്ങും. മിഷണറിമാർ വന്ന് യേശുവിനെ പരിചയപ്പെടുത്തി അതിനുശേഷമാണ് ഞാൻ യേശു അപ്പച്ചനെ വിളിച്ചത്. യേശു അപ്പച്ചൻ എന്റെ ഭർത്താവിനെ രൂപാന്തരപ്പെടുത്തി. ഒറ്റ ദിവസം ഭർത്താവ് മദ്യപാനത്തെയും കഞ്ചാവ് ഉപയോഗിക്കുന്നതും നിർത്തി. എങ്ങനെയോ യേശു അപ്പച്ചൻ മാറ്റി. എനിക്കറിയാൻ പാടില്ല. ദേഷ്യമുഖത്തോടെ ഉള്ള ഭർത്താവ് ഇപ്പോൾ ചിരിച്ച മുഖത്തോടെ കാണുന്നു. മക്കളോട് തമാശ പറഞ്ഞു ചിരിക്കുന്നു. പല വർഷങ്ങളായി കിട്ടാത്ത സന്തോഷവും സുഖവും ഞങ്ങൾക്ക് വീട്ടിൽ ലഭിച്ചു. 9 മാസം കഴിഞ്ഞു. ഇതിന്റെ ഇടയിൽ ഇവന്റെ മാറ്റത്തെ കണ്ട് മറ്റാളുകൾ അതിശയിച്ചു. എങ്ങനെ കുടി നിർത്തി, കഞ്ചാവു നിർത്തി എന്നു ചോദിച്ചു. ഭാര്യ പ്രാർത്ഥിക്കുന്ന യേശു അപ്പച്ചൻ മാറ്റി. **ഈ വീട്ടിൽ ഉണ്ടായ ചിരിയും സന്തോഷവും തുടരണം എന്ന് ഞാൻ ആഗ്രഹിച്ചു. അതു കൊണ്ട് ഇനി ഞാൻ കുടിക്കത്തില്ല എന്നു തീരുമാനിച്ചു** എന്ന് അദ്ദേഹം പറഞ്ഞു. മറ്റുള്ളവർ അതുകേട്ട് അവരുടെ കുടിയെ നിർത്താൻ തുടങ്ങി. അങ്ങനെ പലരുടെ ജീവിതത്തിൽ വലിയമാറ്റം ഉണ്ടായി. ദൈവത്തിനു സ്തോത്രം. യേശു എന്ന വാക്കിന് എത്ര വലിയ ശക്തി. എത്ര വലിയ സൗഖ്യം. യേശുവിന്റെ പേര് മുഖാന്തിരമായി വലിയ കാര്യങ്ങൾ അവിടെ നടന്നു. അത്ഭുതങ്ങൾ സംഭവിച്ചു. മാർക്കോ 16:20 **അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു.** ആമേൻ

ഇങ്ങനെ സാക്ഷികൾ ഓരോരുത്തരും പറഞ്ഞശേഷം യേശുവിനെക്കുറിച്ച് അവർക്ക് മനസിലാകുന്ന വിധത്തിൽ ഞാനും മുരളിയും പങ്കുവെച്ചു. പിന്നെ എല്ലാവരും പ്രാർത്ഥിച്ചു സ്തോത്രം പറഞ്ഞു. പാസ്റ്റർ മനോജ് ആശിർവാദം പറഞ്ഞ് ആ ചെറിയ കൂട്ടം അവസാനിച്ചു..

മിഷനറികളും ആദിവാസികളും ചേർന്ന് ഞങ്ങൾക്കുവേണ്ടി ഉച്ചഭക്ഷണം ഒരുക്കിയിരുന്നു. കപ്പ പുഴുങ്ങി, ചെറിയ നെത്തോലി വറുത്ത് ചോറും ഉണ്ടാക്കി സാമ്പാറും ചേർത്ത് ഞങ്ങൾക്ക് വിളമ്പി. എല്ലാവരും തൃപ്തിയായി ഭക്ഷിച്ചു യാത്ര തുടങ്ങി. പുറപ്പെടും മുമ്പ് അവർ ഞങ്ങളോട് ഒരു അപേക്ഷ പറഞ്ഞു. ഞങ്ങൾക്ക് ആരാധിക്കാൻ ഒരു പള്ളി വേണം. അവർ താമസിക്കുന്ന സ്ഥലത്തിൽ നിന്ന് ദൂരത്തിൽ ഒരു അടയ്ക്കാമരത്തോട്ടം ഉണ്ട്. അതിൽ താൽക്കാലികമായി ഒരു ചെറിയ ഷെഡ് ഉണ്ടാക്കി ആരാധന തുടങ്ങാം എന്ന ആലോചന പറഞ്ഞു. അവിടെ ആർ.എസ്.എസ്., ബി.ജെ.പി. ശല്യം ഉണ്ട്. അവരാരും ആ ഷെഡിനെ തകർത്തുകളയാതിരുന്നാൽ പിന്നെ സ്ഥിരമായിട്ട് പള്ളി പണിയാം എന്നു തീരുമാനിച്ചു.

## ആദിവാസികൾക്ക് ഈ പരിഷ്കാരം എങ്ങനെ ഉണ്ടായി

മനോരമ പത്രത്തിൽ ചോലനായ്ക്കന്മാരെ കുറിച്ചുള്ള വിവരങ്ങൾ കേരളത്തിലും വിദേശത്തിലും ഉള്ളവർ വലിയ താൽപര്യത്തോടെ വായിച്ചറിഞ്ഞതുകൊണ്ട് ഗവൺമെന്റ് പ്രത്യേകമായി അടിയന്തിരമായി വീടുണ്ടാക്കി സൗജന്യമായി റേഷനും ഉടുപ്പും കൊടുത്തു. അത് ഇവരുടെ ഇടയിൽ ഒരു വലിയ മാറ്റം ഉണ്ടാക്കി. ഗവൺമെന്റ് ഉണ്ടാക്കിയ മാറ്റങ്ങൾക്കുശേഷമാണ് ഇവരുടെ ഇടയിൽ സംസ്ക്കാരവും പരിഷ്ക്കാരവും നല്ല പെരുമാറ്റവും ഉണ്ടായത്. അതുകൊണ്ട് സുവിശേഷം അറിയിക്കുന്നത് എളുപ്പമായി. കർത്താവിന് മഹിമ ഉണ്ടാകട്ടെ. ഞങ്ങൾ എല്ലാവരും സന്തോഷവർത്തമാനം പറഞ്ഞ് ആ സ്ഥലം വിട്ട് നിലമ്പൂർ എത്തിച്ചേർന്നു.

## ആദിവാസി പിള്ളാരുടെ ഇടയിൽ ഒരു ചെറിയ യോഗം



മലയിൽ നിന്ന് ഇറങ്ങിയ അന്ന് വൈകിട്ട് ആദിവാസി പിള്ളാർക്കുവേണ്ടി ആ സ്ഥലത്തുള്ള എല്ലാ മിഷനറികളും ചേർന്ന് അവരവരുടെ സഭകളിലുള്ള കുഞ്ഞുങ്ങളെ സ്പെഷ്യൽ വാഹനം ഏർപ്പാടു ചെയ്ത് കൂട്ടിവരുത്തി. അവർ പ്രതീക്ഷിച്ചത് ആറു കുട്ടികൾ വരും എന്നാണ്. എന്നാൽ 300 കുഞ്ഞുങ്ങൾ വന്നു. അവർക്ക് ഞങ്ങൾ പാട്ടു പഠിപ്പിച്ചു. കഥകൾ പറഞ്ഞുകൊടുത്തു. ഡോ. മുരളി അവർകളും കുഞ്ഞുങ്ങളോട് പ്രസംഗിച്ചു. കുഞ്ഞുങ്ങൾക്ക് രാത്രി ഭക്ഷണവും ഏർപ്പാടു ചെയ്തു. ഞങ്ങൾ പ്രതീക്ഷിക്കാത്ത ഈ ഏർപ്പാടുകളെ കണ്ട് ദൈവത്തെ സ്തുതിച്ചു. ഇതിനുവേണ്ടി അദ്ധ്വാനിച്ച എല്ലാ മിഷനറിമാരും അവരോടുകൂടി പ്രവർത്തിച്ച എല്ലാ വിശ്വാസികളേയും ഞങ്ങൾ അഭിനന്ദിക്കുന്നു. പ്രത്യേകം പാസ്റ്റർ മനോജ് അവർകളെ ഞാനും ഡോ. മുരളി അവർകളും അഭിനന്ദിക്കുന്നു.



### ഞായർ ആരാധന

പിറ്റേദിവസം നിലമ്പൂർ ഐ.പി.സി. ചർച്ചിൽ വച്ച്

പ്രത്യേക ആരാധന ഉണ്ടായിരുന്നു. ഡോ. മുരളിധർ അവർകളും ഞാനും പ്രസംഗിച്ചു. സഭാ പാസ്റ്റർമാർക്കും വിശ്വാസികൾക്കും വളരെ സന്തോഷം ഉണ്ടായി. അതിനുശേഷം ഞങ്ങൾ അവരവരുടെ നാട്ടിൽ വന്നെത്തി. ഈ വനപ്രദേശ യാത്രയിൽ ഞങ്ങൾ രണ്ടുപേർക്കും ഒരസുഖവും ക്ഷീണവും ഉണ്ടാകാതെ ദൈവം കാത്തു. ദൈവത്തിന് സ്തുതിയും മഹത്വവും ഉണ്ടാകട്ടെ.

## നിലമ്പൂർ ആദിവാസികൾ ആരംഭ വിവരങ്ങൾ

1976–ാം വർഷം ആദ്യഗ്രൂപ്പായിട്ട് എന്നോടുകൂടെ നിലമ്പൂർ വനത്തിൽ പോയ 5 സഹോദരന്മാർ ഈ ഫോട്ടോയിൽ കാണുന്നു.



1. **മി. തോമാച്ചൻ,**
2. **മി. എം.വി. കുര്യക്കോസ്,**
3. **മി. മോവൻ കുര്യൻ**

(ഇദ്ദേഹമാണ് ട്രൈബൽ മിഷൻ ആരംഭിച്ചപ്പോൾ ആദ്യ ജന. സെക്രട്ടറിയായി പ്രവർത്തിച്ചത്)

4. **മി. തങ്കച്ചൻ,**
5. **ഡോ. പുഷ്പരാജ്**

ഫോട്ടോയിൽ താടി വളർത്തിയിരിക്കുന്നത് പാസ്റ്റർ ജോൺ (98 വയസ്സ്) ഞങ്ങൾ നിലമ്പൂർ മല കേറും മുമ്പ് ഞങ്ങളെ പ്രാർത്ഥിച്ച് അയച്ചത് അദ്ദേഹമാണ്. ഞങ്ങൾ ഓരോരുത്തരും വിവിധ സഭാംഗങ്ങളാണ്. പക്ഷേ എല്ലാവരും മാനസാന്തര അനുഭവവും രക്ഷയുടെ അനുഭവവും ഉള്ളവരാണ്. ഒരേ പരിശുദ്ധാതത്മാവിനാൽ നിറയപ്പെട്ടവരും ഏകചിന്ത ഉള്ളവരുമായിരുന്നു. ഞാൻ ഒരാൾ മാത്രം തമിഴ്നാട്ടിൽ നിന്നു വന്നു. കൂടെ വന്ന സഹോദരന്മാർ

ആരേയും ഞാൻ നേരിൽ കണ്ടിട്ടില്ല. പരിചയപ്പെട്ടിട്ടുമില്ല. പക്ഷേ നിലമ്പൂരിലുള്ള വസ്ത്രം ധരിക്കാത്ത ചോലനായ്ക്കന്മാർ ആദിവാസികളെക്കുറിച്ച് മലയാള മനോരമ പത്രത്തിൽ വായിച്ചതുകൊണ്ട് ഞങ്ങളുടെ ഉള്ളത്തിൽ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചു. ഞാൻ ഒറ്റയ്ക്ക് നിലമ്പൂരിലേക്ക് പുറപ്പെട്ടു. അന്ന് ഗവൺമെന്റിന് പോലും അറിവില്ലായിരുന്ന ഈ ആദിവാസികളെ നേരിട്ട് കണ്ട് വിവരം അറിയണം എന്നുള്ള ആഗ്രഹത്തിലാണ് ഞാൻ പുറപ്പെട്ടത്. ഇവർ സംസാരിക്കുന്നത് ഏതു ഭാഷ, ഇവർ എന്നോട് എങ്ങനെ പെരുമാറും എന്നുള്ളതൊന്നുമറിയാത്ത സ്ഥിതിയിൽ, അടുത്ത പ്രാവശ്യം ചിലരോട് ചേർന്ന് സുവിശേഷം അറിയിക്കണം എന്നുള്ള ആഗ്രഹത്തിൽ ആണ് ഒറ്റയ്ക്ക് പുറപ്പെട്ടത്. മറ്റുള്ള സഹോദരന്മാർ പത്രത്തിൽ കണ്ട ആദിവാസികളെക്കുറിച്ച് അവരുടെ പ്രയർ ഗ്രൂപ്പിൽ പങ്കുവെച്ചു പ്രാർത്ഥിച്ചു. അവരിൽ രണ്ടുപേർ ധൈര്യപ്പെട്ടു ആ വനത്തിന്റെ ഉള്ളിൽ നമുക്ക് പോകാം എന്നു പറഞ്ഞ് ആലുവ റെയിൽവേ സ്റ്റേഷനിൽ എത്തി. രണ്ടു രണ്ടു പേർ പത്രത്തെ കൈയ്യിൽ പിടിച്ചുകൊണ്ട് സംസാരിക്കുന്നതു ട്രെയിനിനുവേണ്ടി കാത്തിരുന്ന ഞാൻ കണ്ടു. പരിശുദ്ധാത്മാവ് നടത്തി ചെന്ന് നിങ്ങൾ ക്രിസ്ത്യാനികളാണോ എന്നു ചോദിച്ചു. മറ്റ് രണ്ടുപേരും ഞാൻ കൺവെൻഷനിൽ പ്രസംഗിക്കുന്നതുകൊണ്ട്, എന്നെ അറിയുന്നത് കൊണ്ട് എന്റെ അടുത്ത് വന്നു. ഞങ്ങൾ അഞ്ചുപേരും ഒരേ കാര്യത്തെക്കുറിച്ച് ഭാരത്തോടെ നിൽക്കുന്നു എന്നറിഞ്ഞപ്പോൾ ഞങ്ങളുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വലിയ സന്തോഷത്തെ ഉണ്ടാക്കി. ഞങ്ങൾ അഞ്ചുപേർക്കും നിലമ്പൂർക്കുള്ള വഴി അറിഞ്ഞുകൂടാ. നിലമ്പൂർ സി.എസ്.ഐ. പള്ളിയിൽ രണ്ടു പ്രാവശ്യം ഞാൻ കൺവെൻഷനിൽ പ്രസംഗിച്ചിരുന്നു ഫോറസ്റ്റ് അധികാരികളിൽ ഒരാൾ അതിൽ പങ്കെടുത്തിരുന്നു. അതുപോലെ പഞ്ചായത്തിൽ ഗ്രാമസേവക് ജോലി ചെയ്യുന്ന ആളും. ഇവർ രണ്ടുപേരും ആ പള്ളി മെമ്പർമാരായിരുന്നു. ഇവർ രണ്ടുപേരും എനിക്ക് വനത്തിനുള്ളിൽ പോകാനുള്ള വഴി ഉണ്ടാക്കിത്തരും എന്നുള്ള ധൈര്യത്തിലാണ് ഞാൻ പുറപ്പെട്ടുവന്നത്. ആദ്യം ആദിവാസികളെ കണ്ടുപിടിക്കണം, പരിചയപ്പെടണം,


അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കണം അതിനുശേഷം ഒരു വർഷം പ്രാർത്ഥിച്ച് സുവിശേഷം അറിയിക്കാൻ ഗ്രൂപ്പോടെ ചെല്ലണം എന്നുള്ള പദ്ധതി ഞാനിട്ടിരുന്നു. അങ്ങനെയാണ് അവരോട് പങ്കുവെച്ച് ഞങ്ങൾ പുറപ്പെട്ടത്. പ്രതീക്ഷിച്ച ആളുകളുടെ സഹായം കിട്ടി. ഒരു പ്രത്യേക സ്ഥലം വരെ ഞങ്ങൾ ജീപ്പിൽ പോയി. അവിടെ **മീൻ ബംഗ്ലാവ്** എന്നു പറയുന്ന ഒരു സ്ഥലം ഉണ്ട്. അവിടെ ഈ ആദിവാസികൾ രണ്ടുപേർ തേനും കുന്തിരിക്കവും കൊണ്ടു വന്നുകൊടുക്കും. അതിൻപ്രകാരം വ്യാപാരികൾ അവർക്ക് ഉപ്പും പുകയിലയും വെളിച്ചെണ്ണയും കൊടുക്കും എന്ന് ഞങ്ങൾ അറിഞ്ഞു. അങ്ങനെ അവിടെ പോയി ഇരുന്നു, ഞങ്ങൾ പോയ ജീപ്പ് ഞങ്ങൾ പറഞ്ഞയച്ചു. ആഹാരം ഉണ്ടാക്കാനുള്ള അലൂമിനിയം പാത്രങ്ങളും കിടക്കാനുള്ള സാധനങ്ങളും എടുത്ത ആദിവാസികളോട് വ്യാപാരികൾ വഴിയായി വിവരം പറഞ്ഞു. ഞങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ അവർ സമ്മതിച്ചു. അങ്ങനെ ആദ്യത്തെ യാത്ര ഭയങ്കര അനുഭവമായിരുന്നു. അവർ പാർക്കുന്ന പാറപ്പിളർപ്പിലും, മരത്തിലുള്ള കുടിൽ, ഇവയിൽ ഞങ്ങളും താമസിച്ചു. ഒന്നും സംസാരിക്കുന്നില്ല. രണ്ടു ദിവസം അവരുടെ പ്രവൃത്തികളെ ഞങ്ങൾ കണ്ടു. മലമുകളിലുള്ള തേൻകൂട്ടിൽ അമ്പ് എയ്ത് തേൻ ശേഖരിക്കുന്ന രീതി ഞങ്ങൾ കണ്ടു. അവർ കഴിക്കുന്ന ഉടുമ്പു ഇറച്ചി അവർ തന്നതു ഞങ്ങൾ വായിൽ ഇട്ടു. അവരുടെ ഇടയിൽ തുപ്പാൻ പാടില്ല എന്നു പറഞ്ഞു. മറുവശത്തു തുപ്പി പല വിവരണങ്ങളെ ശേഖരിച്ചു ഞങ്ങൾ മടങ്ങി. രണ്ടാം പ്രാവശ്യം 78-ാം വർഷം സുവിശേഷം അറിയിച്ചു. അതിന്റെ ഇടയിൽ ട്രൈബൽ മിഷൻ വളർന്നു വർദ്ധിച്ചു. **ഡോ. മുരളീധർ** അവർകൾ ജന. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. വലിയ മാറ്റങ്ങൾ ട്രൈബൽമിഷനിൽ ഉണ്ടായി. ഞാൻ സ്ഥാപകനായിരുന്നാലും മുഴുവളർച്ചയ്ക്കും കാരണക്കാരൻ ഡോ. മുരളീധർ ആകുന്നു. **ആനക്കട്ടി ആശുപത്രി** ഏർപ്പാടു ചെയ്തു. ഞാൻ തന്നെ ആശുപത്രി ഉള്ള ആ സ്ഥലത്തെ ആശുപത്രി പണിയുന്നതിന് മുമ്പ് അളന്നു വേലി വെച്ചു. അവിടെ ഒരു മിഷനറിയെ താമസിപ്പിച്ചു ഏർപ്പാടുകൾ എല്ലാം ചെയ്തു. ആശുപത്രി പണിയാനുള്ള

ഏർപ്പാടുകൾ എല്ലാം ഡോ. മുരളീധർ അവർകൾ തന്നോടുകൂടെ കമ്മിറ്റി ഏർപ്പാടു ചെയ്തു അതു പണിതു. ആദ്യം **അട്ടപ്പാടി**യുടെ അടുത്ത് **അഗളി** എന്ന സ്ഥലത്തുള്ള ഒരു **ക്ലിനിക്** തുടങ്ങി. സഹോദരികൾ മൂന്നുപേരെ മിഷനറികളായി പ്രവർത്തിക്കാൻ ഏർപ്പാടു ചെയ്തു. ആഴ്ചയ്ക്ക് ഒരു പ്രാവശ്യം ഡോ. മുരളിധറും രണ്ടു പ്രാവശ്യം മേട്ടുപാളയത്തിൽ നിന്ന് ഒരു ഡോക്ടറും ക്ലിനിക്കിൽ സഹായിച്ചു. ഞാൻ മാസത്തിൽ മൂന്നു പ്രാവശ്യം മാത്രം ക്ലിനിക്കിൽ ആദിവാസികൾക്ക് ചികിത്സ ചെയ്തു. അവിടെ വെള്ളം കിട്ടാൻ പ്രയാസമായതുകൊണ്ട് എന്റെ സ്വന്തം ചിലവിൽ അവിടെ **ബോർവെൽ** ഉണ്ടാക്കി. ഇതിന്റെ ഇടയിൽ **ആനക്കട്ടി** ആശുപത്രി വളർന്ന് ഡെവലപ്പായി. ഡോ. മുരളി പൂർണ്ണസുവിശേഷ വേലയിൽ തന്റെ ജോലി ഉപേക്ഷിച്ച് ഇറങ്ങി. ആശുപത്രിയുടെ അടുത്ത് **ഓൾഡേജ് ഹോം, റിട്ടയേർഡ് മിഷനറിമാർക്കുള്ള വീടുകൾ** എന്നിവ പണിയുവാൻ ഏർപ്പാടു ചെയ്തു. **വട്ടലക്കടി** എന്ന സ്ഥലത്തു **ഇംഗ്ലീഷ് മീഡിയം സ്കൂൾ** ഉണ്ടാക്കി. വനത്തിലുള്ള ആദിവാസികൾക്ക് സുവിശേഷം പറയുവാൻ ഏർപ്പാടുണ്ടാക്കി. **ആദിവാസി കുട്ടികൾക്ക്** പ്രത്യേകം **ഹോസ്റ്റൽ** ഉണ്ടാക്കി. തക്കസമയത്ത് സ്കൂൾ ചുമതല **മി. ആന്റ് മിസ്സിസ് കോശി** അവർകൾ ഏറ്റെടുത്തു. അതിനുശേഷം ആദിവാസി കുട്ടികളും ഗ്രാമത്തിലുള്ള കുട്ടികളും ഇംഗ്ലീഷിൽ സംസാരിക്കുവാൻ തുടങ്ങി. കഴിഞ്ഞ 12 വർഷമായി **100% റിസൽട്ട്** ഉണ്ടായി. ഗവൺമെന്റ് അതിശയിച്ചു. അവസാനമായി **ഓപ്പറേഷൻ തീയറ്റർ** നവീന ഉപകരണങ്ങളോടു കൂടെ ഉണ്ടാക്കി. ഞാൻ തന്നെ പ്രാർത്ഥിച്ച് അതിന്റെ ഉദ്ഘാടനം നടത്തി. കൊറോണ ലോക്ക്ഡൗൺ കഴിഞ്ഞശേഷം ആശുപത്രി നന്നായി പുരോഗമിക്കാൻ തുടങ്ങി. **ഡോ. മുരളീധർ** അവർകൾ ആലുവയിലും കൊല്ലത്തും ഹൃദ്രോഗവിദഗ്ദനായി പ്രവർത്തിച്ചതുകൊണ്ട് പ്രശസ്തനായി. അതുകൊണ്ട് തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നും ഹൃദയസംബന്ധരോഗമുള്ളവർ അദ്ദേഹത്തെ തേടിവന്നു. ആ പണം ആദിവാസികൾക്കുവേണ്ടി ചിലവാക്കി. ഇപ്പോൾ ആറു ഡോക്ടർമാർ അവിടെ പ്രവർത്തിക്കുന്നു. **ഡോ. ഏലിയാമ്മ മുരളീധർ** അവർകൾ

പ്രസവസംബന്ധമായ കാര്യങ്ങളും സ്ത്രീകളുടെ രോഗകാര്യങ്ങളും ചുമതല എടുത്തു നോക്കി നടത്തുന്നു. എം.എസ്. പഠിച്ച ഇ.എൻ.ടി. ഡോക്ടർ വലിയ ഓപ്പറേഷനുകളെല്ലാം ആനക്കട്ടിയിൽ നടത്തുന്നു. **എല്ല്, തൊലി, പല്ല്** എന്നിവയുമായി ബന്ധപ്പെട്ട ഡോക്ടർമാരുമുണ്ട്. 2000 പേർ ഇരുന്ന് പ്രസംഗം കേൾക്കാൻ ഉള്ള ഓഡിറ്റോറിയം പണിതു. പല സഭക്കാർ, മിഷനറി പ്രവർത്തകർ അവിടെ കൺവെൻഷൻ സെമിനാർ നടത്തുന്നുണ്ട്. അത്രയും പേർക്ക് താമസിക്കാൻ മുറികളും ഡോർമെറ്ററിയും ഉണ്ട്. അതിൽ കിട്ടുന്ന വരുമാനം ആദിവാസികളുടെ ചികിത്സയ്ക്കായി ചിലവാക്കുന്നു. ഇത്ര വലിയ മുന്നേറ്റങ്ങൾ ഉണ്ടാക്കിയ **ഡോ. മുരളീധർ** അവർകൾക്ക് സ്ഥാപകൻ എന്ന നിലയിലും കൂട്ടുവേലക്കാരൻ എന്ന നിലയിലും **നന്ദി** രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹത്തിന് ദൈവം ആയുസ്സു നീട്ടിക്കൊടുത്തു. ആരോഗ്യം കൊടുത്തു എടുത്തു ഉപയോഗിക്കുമാറാകട്ടെ എന്നും ആശംസിച്ചുകൊണ്ട് പ്രാർത്ഥനയോടെ നിർത്തുന്നു.







ഈ വിഷയങ്ങൾ പല വർഷങ്ങൾക്കു മുമ്പേ ജാമക്കാരനിൽ എഴുതി എങ്കിലും രണ്ടു തലമുറകൾ കഴിഞ്ഞ ശേഷം പല പുതിയ

വായനക്കാർക്കുവേണ്ടി ട്രൈബൽമിഷൻ ആരംഭത്തെയും ആശുപത്രി ഉണ്ടായ വഴിയേയും ഞാൻ എഴുതുന്നു. ദൈവത്തിന് മഹിമ ഉണ്ടാകട്ടെ.

1976 –ൽ ഞാൻ നിലമ്പൂർ സന്ദർശിച്ചപ്പോൾ കണ്ട വസ്ത്രമില്ലാത്ത ആദിവാസികൾ



ആദിവാസികൾ താമസിക്കുന്ന മരത്തിന്മേലുള്ള കുടിൽ

ഞങ്ങൾ ആദിവാസികളെ 1977 ൽ രണ്ടാം പ്രാവശ്യം സന്ദർശിച്ചപ്പോൾ ഞങ്ങൾ കൊണ്ടുപോയ വസ്ത്രങ്ങൾ ഞങ്ങൾ തന്നെ ധരിപ്പിച്ചു

ഈ പടത്തിൽ ഞാൻ ചികിത്സിച്ച ആദിവാസി **വീരൻ**. ഇന്ന് ഈ വീരന്റെ മൂന്നാമത്തെ തലമുറ കൊച്ചുമകൻ യേശുക്രിസ്തുവിനെ സ്വീകരിച്ചു സ്നാനം ഏറ്റു ഇപ്പോൾ സഭയിൽ വന്നുകൊണ്ടിരിക്കുന്നു. യേശു ക്രിസ്തു ഇവരുടെ ഇടയിൽ പ്രവേശിച്ചതുകൊണ്ട് എത്ര വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.


## ONLINE BANKING (NEFT)

### Name : M G E PUSHPARAJ

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# മരണ അറിയിപ്പ്:-



പ്രശസ്തനായ പ്രാസംഗികനും സുവിശേഷകൻ എന്ന മലയാള മാസികയുടെ സ്ഥാപകനുമായ സഹോ. എം.ഇ. ചെറിയാൻ അവർകളുടെ മകൻ സഹോ. ജെയിംസ് ചെറിയാൻ അന്തരിച്ചു. അപ്പൻ മരിച്ച ശേഷം സുവിശേകൻ മാസികയുടെ ചുമതല എറ്റെടുത്ത ഇദ്ദേഹം, മലയാളി ആയാലും, ഇദ്ദേഹത്തിന്റെ മാസിക മലയാള മാസിക ആയാലും ഇദ്ദേഹത്തിന്റെ ദൈവവേല മുഴുവനും തമിഴ്നാട്ടിൽ മധുര തലസ്ഥാനമാക്കി തമിഴ്നാട്ടിലും കേരളത്തിലും ചെയ്തു. ജെയിംസ് ചെറിയാന്റെ അപ്പൻ എം.ഇ. ചെറിയാനും ഞാനും കേരളത്തിൽ രണ്ടു മൂന്നു സ്ഥലങ്ങളിൽ ഒരുമിച്ച് പ്രസംഗിച്ചിട്ടുണ്ട്.

മകൻ ജെയിംസ് ചെറിയാൻ അവർകളോട് എനിക്ക് അത്ര പരിചയമില്ലാതെ പോയാലും അദ്ദേഹത്തിന്റെ എഴുത്തും ദൈവവേലയും ഞാനിഷ്ടപ്പെട്ടു. അപ്പനും മകനും മരിച്ചശേഷം ഇനി ആരാണ് ഈ നല്ല മാസികയായ സുവിശേഷകനെ മുന്നോട്ടു കൊണ്ടുപോകുവാൻ പോകുന്നു എന്ന് ഞാനറിയുന്നില്ല. സഹോ. ജെയിംസ് ചെറിയാൻ അവർകളുടെ മരണം ദൈവവേലയിൽ വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിനും കൂടെ പ്രവർത്തിക്കുന്ന വർക്കും ദൈവം ആശ്വാസം നൽകുമാറാകട്ടെ. സഹോ. ജെയിംസ് ചെറിയാന്റെ ബാല്യപ്രായത്തിൽ ചെന്നൈയിൽ പഠിക്കുമ്പോൾ ചിലവിന് അപ്പൻ പണം കൊടുക്കുമ്പോൾ മോനെ ഇത് എന്റെ സമ്പാദ്യത്തിൽ നിന്ന് തരുന്നതല്ല ദൈവമക്കൾ അയ്ക്കുന്ന കാണിക്ക പണത്തിൽ നിന്നും നിനക്ക് ഞാൻ തരുന്നു. അതുകൊണ്ട് ദൈവഭയത്തോടെ ചിലവാക്കണം എന്നു

പറഞ്ഞതായി അറിഞ്ഞപ്പോൾ സഹോ. എം.ഇ. ചെറിയാൻ അവർകൾ ദൈവവേലയ്ക്കുവരുന്ന പണത്തെ എത്ര ഭയഭക്തിയോടെ ചിലവാക്കുന്നു എന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു. ഇതു മറ്റു ദൈവവേലക്കാർക്കോ അവരുടെ മക്കൾക്കോ നല്ല മാതൃകയായ വിഷയമാണ്.

ഇന്ന് തമിഴ്നാട്ടിലും കേരളത്തിലും ധാരാളം ദൈവവേലക്കാർ ജനങ്ങൾ ദൈവവേലയ്ക്കുവേണ്ടി അയയ്ക്കുന്ന പണത്തെ ആഡംബര ചിലവിന് ഉപയോഗിക്കുന്നത് കാണുവാൻ സാധിക്കും. തമിഴ്നാട്ടിൽ രണ്ട് ദൈവവേലക്കാർ കോളേജിൽ പഠിക്കുന്ന രണ്ട് ആൺമക്കൾക്ക് നാലുകിലോമീറ്റർ അകലെയുള്ള കോളേജിൽ പോയിവരുവാൻ നാലുലക്ഷം രൂപ വിലയുള്ള ഹൈസ്പീഡ് മോട്ടോർ സൈക്കിൾ വാങ്ങിക്കൊടുത്തു. അതിൽ ഒരു ദൈവവേലക്കാരന്റെ മകൻ ആ വാഹനത്തെ ഹൈസ്പീഡിൽ ഓടിച്ചുപോയതുകൊണ്ട് ഹൈവേ റോഡിൽ സൈഡിലുള്ള മതിലിൽ മുട്ടി വീണ് തലയ്ക്ക് പരിക്കേറ്റ് വളരെ സീരിയസ്സായി ആശുപത്രിയിൽ കിടക്കുന്നു. സൗഖ്യം പ്രാപിച്ചാലും പഴയതുപോലെ നടക്കാനോ സംസാരിക്കാനോ സാധിക്കുകയില്ല എന്നു ഡോക്ടർമാർ പറഞ്ഞിരിക്കുന്നു. ഈ തെറ്റ് മകൻ ചെയ്തതല്ല, ആ ആഡംബര വാഹനത്തെ വാങ്ങിക്കൊടുത്ത അപ്പൻ ചെയ്ത തെറ്റാണ്. അപ്പൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണമല്ല അത്. വിശ്വാസികൾ ദൈവവേലയ്ക്കുവേണ്ടി പ്രാർത്ഥനയോടു അയച്ച പണമാണ്. ദൈവവേലക്കാർ ദൈവവേലയ്ക്കു വേണ്ടി വരുന്ന പണവിഷയത്തിൽ ദൈവത്തിന് കണക്ക് ഏൽപ്പിക്കേണ്ടതാണ്. അതുകൊണ്ട് ഓരോരോ പൈസയും ദൈവഭയത്തോടെ ചിലവാക്കണം. മരിച്ച സഹോദരൻ എം.ഇ. ചെറിയാൻ തന്റെ മകനോട് പറഞ്ഞ ആ വാക്കിനെ എല്ലാപേരും, എല്ലാ മാതാപിതാക്കളും ചിന്തിക്കണം. മോനേ ഇതു ഞാൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണത്തിൽ നിന്നും കൊടുക്കുന്ന പണമല്ല ദൈവമക്കൾ കൊടുത്ത പണമാണ്. ജാഗ്രതയോടെ ചിലവാക്കണം.

മരിച്ച ജെയിംസ് ചെറിയാനുവേണ്ടി ദൈവത്തെ സ്തുതിക്കുന്നു.

●

# THE GOSPEL ACCORDING TO OXYGEN



**Dr. Muralidhar,** M.D.,
Tribal Mission Hospital
Ph. 9443165080

In the beginning, before any man, I was, I was with the first man Adam.

From then till today I am with every human born in this world. No man ever lived without me. I came into men to give them and healthy life.

I come into all men but most of them did not know about me till the thief, COVID 19 Virus appeared in this world.

This thief came to steal (me) from men, and killed hundreds of thousands of men and women and destroy their lungs, brain, health, property etc., and suddenly people started calling on me for help like never before.

Never since the creation of the world, I Have remembered such a world wide commotion of lakhs and lakhs of people crying for me. Not only ordinary sick people but people from all walks of life right from the president of United States down to the ordinary man on earth my name was on their lips. Many knees were bowing and many tongues were confessing that I was their desperate need.

I am happy, people started to realize how important I was better late than never. But I wish they knew about my creator.

That truth would have set them free. Our Almighty God is the creator of everything in this Universe.

I am also a creation of our Almighty God but I was created before the first man was created.

I am ..... Oxygen!

I am a Spirit (air) and I like to share a few spiritual secrets with you.

**CHAPTER 1 - In the beginning : God and Me**

In the beginning when God created animals and man

I (Oxygen) was needed there to keep them alive.Where did I come from in the creation history?

I soon understood that I come from Plants as a by product during the process of photosynthesis a bio- mechanism bywhich plants produce their food. For this the plants need land, sunlight and water and a special pigment called chlorophyll found in their leaves. Look at the wonderful sequence of creation.

I was produced from the plants and trees created on the third day with the help of sun created on the fourth day!

**CHAPTER -2 - Adam and Me**

An important question that raises doubt in many people's minds should be cleared at this stage.

The Holy Bible says that when God created the first man Adam, He blew His spirit into the newly created man's nostrils and then the man became a living soul (Genesis 2:7).

What did God blow? Many people think it is me that God blew into Adam's nose.They think that after God created man out of the dust, he was lying there on the ground motionless. And God thought, Oh! I forgot to give oxygen to him and he bent down , blew me into his nose and that is how Adam started living. God forbid that is blasphemy.

For when God created other living beings, birds and animals on the command given to me, I entered their bodies and they were active they became alive, singing, walking, running etc., and surely they were breathing too. They did not need any breath from God. So too when God crearted Adam, I entered his system and how was much alive and active. I remember him saying good morning God (or was it Halleluiah)? I did my work and he started breathing immediately after he was created. Could the blowing of God's spirit into man's nostrils an assurance that after death man's spirit will not perish like his boby but will go to His creator thus confirimg our belief in eternity? I shared this just to confirm that what God did was not blowing me into Adam's nose but God's spirit.

***To be continued***

# CHRISTIAN PASTOR IN UGANDA

## VIOLENTLY ATTACKED BY MUSLIM

A christian pastor in eastern Uganda sustained serious injuries after he was beaten by muslim relatives and accused of being a disgrace to the family. Bashir sengendo, a former mosque leader returned home on Jan.12 to visit his family in the Namutimba District. It was his first visit since leaving in 2016, Morning Star News reports. This request continued for the last six years but I had been reluctant to go back home, Sengendo told Morning Star News. I was shocked to receive a cold reception and slept without food, only to be attacked and beated badly in the morning by my brother and my uncle.They cut me with an object in the head, back and hand. During the attack, Police and neighbors heard Sengendo screaming and came to his rescue. As the attackers were hitting me, my uncle said that the family spend a lot of money training me as a muslim teacher and that I have caused a lot of shame to the family and Muslims at the large,Sengendo said The pastor was badly wounded and taken to a local hospital. Doctors assessed him for blood loss and deemed him critically ill, according to Morning Star News.Sengendo converted to christianity in May 2016. He spent six months attending a Bible college, then became a pastor.

**NOVEMBER - 2022**

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.